"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - 2026 ഓണത്തോടനുബന്ധിച്ച് കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ സബ്സിഡി വിപണികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും പ്രസ്തുത വിപണി നടത്തിപ്പിനായി മുൻകൂർ തുക അനുവദിച്ചും ഉത്തരവാകുന്നു.

---

**സഹകരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.309/2026/Co-Op തീയതി,തിരുവനന്തപുരം, 31-07-2026

---

പരാമർശം:- സഹകരണ സംഘം രജിസ്ട്രാറുടെ 07/07/2026 തീയതിയിലെ RCS/6120/2026-CS() നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2026 വർഷത്തെ ഓണത്തോടനുബന്ധിച്ച് 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ വിൽപന നടത്തുന്നതിന് ഭക്ഷ്യപൊതു വിതരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സ.ഉ.(കൈ)നം.3/2024/F&CS. തീയതി: 16/02/2024 ഉത്തരവിലെ വില നിലവാരവും അളവ് തൂക്കവും മാനദണ്ഡമാക്കി 16/08/2026 മുതൽ 25/08/2026 വരെ സബ്സിഡിയോട് കൂടി കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ (കൺസ്യൂമർഫെഡ്) സൂപ്പർ മാർക്കറ്റുകളിലും ജില്ലാ കൺസ്യൂമർ സഹകരണ സ്റ്റോറുകൾ, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, പിന്നാക്കമേഖലയിൽ പ്രവർത്തിക്കുന്ന എസ്.സി.എസ്.ടി. സഹകരണ സംഘങ്ങൾ, ഫിഷർമാൻ സഹകരണ സംഘങ്ങൾ, പ്രത്യേക വിപണന കേന്ദ്രങ്ങൾ എന്നിവയിലൂടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ വിൽപന നടത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്നതിനും പ്രസ്തുത ആവശ്യത്തിലേക്ക് മുൻകൂർ തുക അനുവദിക്കുന്നതിനും ഭരണസമിതി തീരുമാനം സഹിതം കൺസ്യൂമർഫെഡ് സമർപ്പിച്ച പ്രൊജക്ട് റിപ്പോർട്ട് തുടർനടപടികൾക്കായി സഹകരണ സംഘം രജിസ്ട്രാർ സർക്കാരിലേക്ക് പരാമർശം കത്ത് പ്രകാരം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 വർഷത്തെ ഓണത്തോടനുബന്ധിച്ച് 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ വിൽപന നടത്തുന്നതിന് ഭക്ഷ്യപൊതു വിതരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സ.ഉ.(കൈ)നം.3/2024/F&CS തീയതി: 16/02/2024 ഉത്തരവിലെ വില നിലവാരവും അളവ് തൂക്കവും മാനദണ്ഡമാക്കി ചുവടെ ചേർക്കുന്ന നിർദേശങ്ങൾക്ക് വിധേയമായി 16/08/2026 മുതൽ 25/08/2026 വരെ 2000 താൽക്കാലിക വിപണികൾ ആരംഭിക്കുന്നതിന് കൺസ്യൂമർഫെഡിന് അനുമതി നൽകി ഉത്തരവാകുന്നു.

- സഹകരണ ഓണവിപണി പ്രവർത്തിക്കേണ്ടത് 16/02/2024 പൊതുവിതരണ വകുപ്പിൻ്റെ സ.ഉ.(കൈ)നം. 3/2024/F&CS തീയതി: 16/02/2024 ഉത്തരവിലെ

വിലനിലവാരവും അളവ് തൂക്കവും മാനദണ്ഡമാക്കിയായിരിക്കണം.

- ഫെഡറേഷന്റെ സൂപ്പർ മാർക്കറ്റുകൾ, ജില്ലാ കൺസ്യൂമർ സ്റ്റോറുകൾ, പ്രാഥമിക കാർഷികവായ്പ സഹകരണ സംഘങ്ങൾ, പിന്നാക്ക മേഖലയിൽ പ്രവർത്തിക്കുന്ന (SC/ST) സഹകരണ സംഘങ്ങൾ, ഫിഷറീസ് സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ മാത്രമായി വിപണികൾ സ്ഥാപിക്കേണ്ടതാണ്.
- അനുവദിക്കുന്ന തുകയ്ക്ക് അനുസൃതമായി വിപണനകേന്ദ്രങ്ങൾ അനുവദിക്കേണ്ടതാണ്. പൊതുവിതരണ വകുപ്പിന്റെ മാവേലിസ്റ്റോറുകളും വിപണനകേന്ദ്രങ്ങളും താൽക്കാലിക വിപണനകേന്ദ്രങ്ങളും പ്രവർത്തിക്കുന്ന സ്ഥലത്തിനടുത്തായി സഹകരണവകുപ്പിന്റെ താൽക്കാലിക വിപണനകേന്ദ്രങ്ങൾ പ്രവർത്തിക്കേണ്ടതില്ല.
- സബ്സിഡി അത്യാവശ്യ നിത്യോപയോഗ സാധനങ്ങൾക്ക് മാത്രമായി നിജപ്പെടുത്തി സബ്സിഡി നഷ്ടം കുറയ്ക്കാനുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- ധനകാര്യ (ഇൻസ്പെക്ഷൻ) വിഭാഗത്തിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉചിതമായി പാലിക്കുകയും ഓഡിറ്റിംഗ് സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യുക.
- ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക.
- സബ്സിഡി ചന്തകളുടെ പൂർണ്ണപ്രയോജനം അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
- ഇക്കാര്യത്തിൽ സർക്കാർ നൽകിയിരുന്ന അനുബന്ധ നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ് .

3. പ്രസ്തുത ആവശ്യത്തിലേക്കായി 2026-2027 സാമ്പത്തിക വർഷത്തിൽ "2425-00-108-80-33-N V " എന്ന ശീർഷകത്തിൽ നിന്നും 25 കോടി രൂപ മുൻകൂർ അനുവദിച്ചും ഉത്തരവാകുന്നു. സഹകരണ സംഘം രജിസ്ട്രാർ പ്രസ്തുത തുക "2425-00-108-80-33-NV" ശീർഷകത്തിൽ നിന്നും കൺസ്യൂമർഫെഡിന് മാറി നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീന എം എസ്
ജോയിന്റ് സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്, കൊച്ചി
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ {(ഓഡിറ്റ്), (എ&ഇ)}, തിരുവനന്തപുരം
4. സഹകരണ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
5. ധനവകുപ്പ് (U.O.(F) No.3578412/ Agri-C1/133/2026-FIN തീയതി: 29.07.2026)
6. വെബ് & ന്യൂ മീഡിയ
7. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (എ3/110/2026/സഹ)

ഉത്തരവിൻ പ്രകാരം
Digitally signed by
Jithesh B K
Date: 31-07-2026
16:32:37
സെക്ഷൻ ഓഫീസർ

പകർപ്പ്:-

Co-Op-A3/110/2026-Co-Op

സ.ഉ.(സാധാ) നം.309/2026/Co-Op

ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പേർസണൽ അസിസ്റ്റന്റിന്